**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4584** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതി പ്രകാരം ഏതു തരത്തിലുള്ള ചെറുകിട സംരംഭം ആരംഭിക്കുന്നതിനും ബാങ്കുകൾ അനുവദിക്കുന്ന മൂന്ന് ലക്ഷം രൂപ വരെയുള്ള സ്വയം തൊഴിൽ വായ്പകൾക്ക് 1/3 തുക സബ്സിഡിയായി നൽകുന്നു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>നടപ്പ് സാമ്പത്തികവർഷത്തിൽ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് സർക്കാർ ധനസഹായത്തോടെ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സ്വയം തൊഴിൽ പദ്ധതിയ്ക്കായി പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾ കഴിഞ്ഞ 5 വർഷങ്ങളിൽ നീക്കി വച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ശേഖരിച്ച് നൽകുന്നതാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അഭ്യസ്തവിദ്യരായ പട്ടികജാതി-പട്ടികവർഗ്ഗ യുവതീയുവാക്കളെ ഒരേസമയം തൊഴിൽദാതാക്കളും തൊഴിൽ സംരംഭകരുമാക്കുന്നതിനുമായി എംപവർമെന്റ് സൊസൈറ്റി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ